# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 620 | 10.06.2014-ൽ മറുപടിയ്ക്ക്

## മുതുകാട് ആദിവാസി കോളനിയിലെ യുവാക്കളുടെ മരണം

**ചോദ്യം**

**ശ്രീ.പുരുഷൻ കടലുണ്ടി**

**മറുപടി**

**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കോഴിക്കോട് ജില്ലയിലെ മുതുകാട് ആദിവാസി കോളനിയിൽ യുവാക്കൾ തുടർച്ചയായി മരണപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | കഴിഞ്ഞ ആറ് മാസത്തിനകം ആറ് യുവാക്കൾ ഉൾപ്പെടെ എട്ട് പേർ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടന്നിട്ടുണ്ടോ; | ബി) | കഴിഞ്ഞ 6 മാസത്തിനകം മുതുകാട് കുളത്തുർ പട്ടികവർഗ്ഗ സങ്കേതത്തിൽ ചന്ദ്രൻ (41 വയസ്സ്) തുവ്വക്കടവിൽ എന്ന വ്യക്തി മാത്രമാണ് മരണപ്പെട്ടത്. ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ടിയാൻ കുടുംബ വഴക്കിനെത്തുടർന്ന് ആത്മഹത്യ ചെയ്തു എന്ന വിവരമാണ് ലഭ്യമായിട്ടുള്ളത്. |
| സി) | മുതുകാട് ആദിവാസി കോളനിയിൽ കഴിഞ്ഞ ഒരു വർഷത്തിനകം മരണപ്പെട്ടവരുടെ പേരുകളും അവരുടെ പ്രായവും വ്യക്തമാക്കുമോ; | സി) | മുതുകാട് കുളത്തുർ പട്ടികവർഗ്ഗ സങ്കേതത്തിൽ സ്ഥിര താമസക്കാരനായിരുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ചന്ദ്രൻ തുവ്വക്കടവിൽ, 41 വയസ്സ് എന്ന വ്യക്തിയാണ് കഴിഞ്ഞ ഒരു വർഷത്തിനകം മരണപ്പെട്ടത്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത കോളനിയിൽ ആദിവാസി പുനരധിവാസത്തിന് ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്ന കാര്യം പരിഗണിക്കാമോ? | | മുതുകാട് കളത്തൂർ പട്ടികവർഗ്ഗ സങ്കേതത്തിൽ പണിയ സമുദായത്തിൽപ്പെട്ട 33 കുടുംബങ്ങൾ താമസിക്കുന്നു. ടാർ റോഡ്, കുടിവെള്ളം, വൈദ്യുതി, കോൺക്രീറ്റ് വീട് എന്നിവ എല്ലാവർക്കും നൽകിയിട്ടുണ്ട്. പട്ടിക വർഗ്ഗ പുനരധിവാസ മിഷൻ പദ്ധതി പ്രകാരം നൽകിയ ഒരു ഏക്കർ വീതം സ്ഥലത്ത് എല്ലാ കുടുംബങ്ങൾക്കും 100 മുതൽ 150 വരെ റബ്ബർ മരങ്ങൾ 2007-ൽ കൃഷി ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 20 വീടുകൾക്ക് അടുക്കള നിർമ്മിച്ചു വരുന്നു. 5 പൊതുകിണർ നിർമ്മിച്ചിട്ടുണ്ട്. കോളനിയിൽ അടിസ്ഥാന സൗകര്യങ്ങളും, ജീവനോപാധികളും ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

Haridas

സെക്ഷൻ ഓഫീസർ